# കേരള സർവകലാശാല

നം.പി.ആർ.82 /2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പെർഫോമൻസ് അപ്രൈസൽ 25 ന് മുൻപ് സമർപ്പിക്കണം

കേരള സർവകലാശാലയുടെ യു.ഐ.ടി, യു.ഐ.എം, ബി.എഡ് സെന്ററുകൾ, യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, കാര്യവട്ടം എന്നീ സ്ഥാപനങ്ങളിലെ കരാർ ഉദ്യോഗസ്ഥരുടെ മെയ് 20 മുതൽ നിശ്ചയിച്ചിരുന്ന പ്രകടന വിലയിരുത്തൽ കൂടിക്കാഴ്ച ലോക്ഡൗൺ മെയ് 31 വരെ നീട്ടിയ പശ്ചാത്തലത്തിൽ ഒഴിവാക്കുന്നു. പകരം പ്രസ്തുത ഉദ്യോഗസ്ഥർ അവരവരുടെ പെർഫോമൻസ് അപ്രൈസൽ നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് മെയ് 25 ന് മുൻപായി registrar@keralauniversity.ac.in, regrku@gmail.com എന്നീ ഇ-മെയിലുകളിലേക്ക് അയയ്ക്കേണ്ടതാണ്.

### പിഎച്ച്.ഡി ഓപ്പൺഡിഫൻസും പ്രീ-സബ്മിഷനും ഓൺലൈനായി നടത്തും.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കേരള സർവകലാശാലയുടെ പിഎച്ച്.ഡി ഓപ്പൺഡിഫൻസുകളും പ്രീ-സബ്മിഷനുകളും, മറ്റ് ഗവേഷണ ഫെല്ലോഷിപ്പ് അഭിമുഖങ്ങളും ഓൺലൈനായി നടത്താൻ സർവകലാശാല ഉത്തരവായി. ഗവേഷകർ അതതു വകുപ്പുമേധാവികളുമായി ബന്ധപ്പെടണമെന്ന് സർവകലാശാല അറിയിച്ചു.

### പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2015 സ്കീം - സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ജൂൺ 1 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം
18.05.2020

പബ്ലിക്ക് റിലേഷൻസ് ഓഫീസർ